# കേരളസർവകലാശാല

നം.പി.ആർ.59/2021

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല ഏപ്രിൽ 20 ന് ആരംഭിക്കുന്ന ബി.ബി.എ. (ആന്വൽ സ്കീം- പ്രൈവറ്റ് രജിസ്ട്രേഷൻ) റഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സെപ്റ്റംബർ 2020 പരീക്ഷയുടെ സിവിൽ ബ്രഞ്ചിന്റെ "ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ലാബ്" (08607), "കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ ആന്റ് ഡ്രാഫ്റ്റിംഗ് ലാബ്" (08608) എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 16 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) കമ്പ്യൂട്ടർസയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "ഒബ്ജക്ട് ഓറിയന്റഡ് പ്രോഗ്രാമിംഗ് ലാബ്" എന്ന വിഷയത്തിന്റെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 15 ന് തിരുവനന്തപുരം മാർ ബസേലിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ വച്ചും "ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് ലാബ്" എന്ന വിഷയത്തിന്റെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 16 ന് കൊല്ലം വടക്കേവിളാക യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജയിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ "ഡിജിറ്റൽ സർക്യൂട്ട്സ് ലാബ്" എന്ന വിഷയത്തിന്റെ പ്രാക്ടിക്കൽ മാർച്ച് 15 ന് തിരുവനന്തപുരം ബാർട്ടൺഹിൽ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ. (ഡാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 16 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ (ഒക്ടോബർ 2020) എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 17 മുതൽ 23 വരെ അതതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർസയൻസ് സി.ബി.സി.എസ്.എസ്. - സി.ആർ. പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 16 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോജക്ട് – വൈവ

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (128) കോഴ്സിന്റെ പ്രോജക്ട് – വൈവ പരീക്ഷ മാർച്ച് 19 ന് അതതു പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.കോം./ബി.ബി.എ./ബി.സി.എ./ബി.വോക്./ബി.എസ്.ഡബ്ല്യൂ./ബി.എം.എസ്. എന്നീ കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്/ഹാൾടിക്കറ്റുമായി മാർച്ച് 15 മുതൽ 22 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ (ഇ.ജെ.III – മൂന്ന്) വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

## എം.ഫിൽ. യൂണിവേഴ്സിറ്റി സ്കോളർഷിപ്പ് 2020 – 21 – അപേക്ഷ ക്ഷണിക്കുന്നു.

കേരളസർവകലാശാലയുടെ 2020 – 21 വർഷത്തെ എം.ഫിൽ. വിദ്യാർത്ഥികൾക്കുള്ള യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും 2020 – 21 വർഷം എം.ഫിൽ. കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി വഴി നിശ്ചിത ഫോമിലുള്ള അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 15. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാലയുടെ മാർച്ച് 19 ന് ആരംഭിക്കുന്ന ഒന്നും രണ്ടും മൂന്നും വർഷ ബി.കോം. (ത്രീ-മെയിൻ) കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് സപ്ലിമെന്ററി പരീക്ഷകൾ കാര്യവട്ടം എസ്.ഡി.ഇ., കൊട്ടിയം എം.എം.എൻ.എസ്.എസ്., ചേർത്തല ശ്രീനാരായണഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. പരീക്ഷാസമയം രാവിലെ 9.30 മുതൽ 12.30 വരെ.

കേരളസർവകലാശാലയുടെ മാർച്ച് 19 ന് ആരംഭിക്കാനിരിക്കുന്ന മൂന്ന്, നാല് സെമസ്റ്റർ ബി.എ. എസ്.ഡി.ഇ. (സി.എസ്.എസ്.) പരീക്ഷയ്ക്ക് ആറ്റിങ്ങൽ ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ വർക്കല എസ്.എൻ. കോളേജിലും, നെടുമങ്ങാട് ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ മണക്കാട് നാഷണൽ കോളേജിലും, യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കുമാരപുരം കെ.യു.സി.ടി.ഇ.യിലും, ആലപ്പുഴ എസ്.ഡി. കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ.കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. മറ്റുള്ള പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## സമ്പർക്ക ക്ലാസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം ഒന്നാം സെമസ്റ്റർ പി.ജി. (എം.എൽ.ഐ.എസ്.സി., എം.ബി.എ. ഒഴികെ) പ്രോഗ്രാമുകളുടെ സമ്പർക്ക ക്ലാസുകൾ ഓൺലൈനായി മാർച്ച് 13 ന് ആരംഭിക്കും. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

## സി.എ.സി.ഇ.ഇ. - വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന് മാർച്ച് 20 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കാലാവധി: 4 മാസം, ഫീസ്: 5000/- രൂപ, അപേക്ഷാഫീസ്: 100 രൂപ. ഉയർന്ന പ്രായപരിധി ഇല്ല. വിശദവിവരങ്ങൾക്ക് സി.എ.സി.ഇ.ഇ. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 – 2302523.

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ കാര്യവട്ടം ക്യാമ്പസിൽ നടത്തും, കോഴ്സ്ഫീസ്: 7000/- രൂപ (പരീക്ഷാഫീസ് ഉൾപ്പെടെ), അപേക്ഷാഫീസ്: 100 രൂപ., അവസാന തീയതി: മാർച്ച് 20. ഉയർന്ന പ്രായപരിധി ഇല്ല. താൽപ്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം പി.എം.ജി. ജംഗ്ഷനിലുള്ള സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0471 – 2302523.

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: കേരളസർവകലാശാല അംഗീകരിച്ച ബിരുദം, കാലാവധി: ഒരു വർഷം, ക്ലാസുകൾ: വൈകുന്നേരം 5 മുതൽ 7 വരെ, കോഴ്സ്ഫീസ്: 19500/- രൂപ, അപേക്ഷാഫീസ്: 100 രൂപ., അവസാന തീയതി: മാർച്ച് 20. ഉയർന്ന പ്രായപരിധി ഇല്ല. താൽപ്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം പി.എം.ജി. ജംഗ്ഷനിലുള്ള സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0471 – 2302523.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
12.03.2021